(ഇ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന 348.11 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. രണ്ടു കൊല്ലത്തേക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 90% ഗ്രാന്റായും 10% വായ്പയായും സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തുക അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതു കൂടാതെ വൈദ്യുതി ബോർഡിന്റെ വൈദ്യുതി ശൃംഖലയിൽ നിന്നും 5 കിലോമീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള 115 കോളനികളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള ഒരു പരിപാടി അനർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 932 ലക്ഷം രൂപ ചെലവ് വരുന്ന ഈ പദ്ധതിക്ക് 839 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിതമാക്കാൻ നടപടി

*22 [459] ശ്രീ. കെ. സി. ജോസഫ്:
,, സി. പി. മുഹമ്മദ്:
,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റുന്നതിന് എന്തെല്ലാം പരിപാടികളുണ്ട്;

(ബി) കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റാനുതകുന്ന പ്രോജക്ട് റിപ്പോർട്ടുകൾ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) കാർഷികോൽപ്പന്നങ്ങളുപയോഗിച്ച് മൂല്യവർദ്ധിത വസ്തുക്കളുണ്ടാക്കാൻ സന്നദ്ധരാകുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

1. വനിതാ സ്വയം സഹായ സംഘങ്ങൾ വഴി കൊപ്രാ നിർമ്മാണത്തിനായി 150 കൊപ്രാഡ്രയറുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി പ്രകാരം നാളിതുവരെ 140 ഡ്രയറുകൾ സ്ഥാപിച്ചു കഴിഞ്ഞു.

2. കാർഷിക മേഖലയിൽ 'വിമൺ ഇൻ അഗ്രിക്കൾച്ചർ' പദ്ധതി പ്രകാരം വനിതകൾക്ക് കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സഹായം നൽകിവരുന്നു.

3. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

നാളികേര ടെക്നോളജി മിഷൻ

*23 [460] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നാളികേര ടെക്നോളജി മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരളത്തിൽ മാത്രമായി നാളികേര ടെക്നോളജി മിഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ നാളികേരകൃഷിയുള്ള എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നാളികേര ടെക്നോളജി മിഷൻ കേന്ദ്രസർക്കാർ 2002-03-ൽ രൂപീകരിക്കുകയും അവയിലുടെയുള്ള പദ്ധതികൾ കേരളത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

(ബി) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ സംസ്ഥാനത്ത് 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ മൊത്തം അടങ്കൽതുക 5696 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്ക് ആകെ 1366 ലക്ഷം രൂപ അനുവദിക്കുകയും, 784 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മലിനീകരണം ഒഴിവാക്കാൻ നടപടി

*24 [461] ശ്രീ. വി. ഡി. സതീശൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മലിനീകരണം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി). ഹൗസ്ബോട്ടുകൾ മുഖേന കായലുകളിലും കുട്ടനാടൻ പ്രദേശങ്ങളിലുമുണ്ടാകുന്ന മലിനീകരണം എപ്രകാരം ഒഴിവാക്കാം;

(സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

† അനുബന്ധം III
† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly